# തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ

ക്രിസ്തീയസമൂഹത്തിന് രൂപം കൊടുക്കുന്നതിലും ക്രിസ്തീയ ജീവിതത്തിന്റെ നവീകരണത്തിലും ലിറ്റർജിക്കുള്ള പ്രാധാന്യം ഇപ്രകാരം സഭ പ്രഖ്യാപനം ചെയ്തു. ക്രിസ്തീയജീവിതത്തിന്റെ അന്തർധാരയും ജീവിതവിശുദ്ധിയുടെ മഹനീയമായ പ്രകാശനവുമാണ് ആരാധനാക്രമ ജീവിതം, വിശിഷ്യ ബലിയും വിരുന്നുമായ പരി. കുർബാന എന്ന കൂദാശ.

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിലച്ചന്റ

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഏറ്റവും വലിയ നേട്ടമായി കരുതപ്പെടുന്നത് തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനാണ്. ലൂമെൻ ജെൻസിയും (Lumen Gentium = ജനതകളുടെ പ്രകാശം) എന്നാണ് ഈ പ്രമാണരേഖയുടെ ലത്തീൻ പേര്. 1964 നവംബർ 21ന് ഈ രേഖ പ്രസിദ്ധീകൃതമായി. രണ്ടു വർഷത്തെ ദീർഘമായ പഠനങ്ങളുടെയും ചർച്ചകളുടെയും തിരുത്തലുകളുടെയും പരിണതഫലമാണ് തിരുസഭയെക്കുറിച്ചുള്ള ഈ പ്രബോധനം. 'ജനതകളുടെ പ്രകാശം' എന്ന പേര് മിശിഹായെ സൂചിപ്പിക്കുന്നതും സുവിശേഷത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളതുമാണ് (ലൂക്കാ 2,32; യോഹ 8,12). ആദ്യഖണ്ഡികയിൽത്തന്നെ ഈ പ്രമാണരേഖയുടെ ലക്ഷ്യം പിതാക്കന്മാർ വ്യക്തമാക്കുന്നു: ''ജനതകളുടെ പ്രകാശമാണ് മിശിഹാ. ആകയാൽ സഭയെ ശോഭായമാനമാക്കുന്ന അവിടുത്തെ ദീപ്തിയാൽ സകല മനുഷ്യരെയും പ്രകാശിപ്പിക്കുവാൻ പരി. ആത്മാവിൽ സമ്മേളിച്ചിരിക്കുന്ന ഈ പരി. സൂനഹദോസ് തീവ്രമായി ആഗ്രഹിക്കുന്നു... അതുകൊണ്ട് വിശ്വാസികളോടും സകല ലോകത്തോടും സഭയുടെ സ്വഭാവത്തെയും സാർവ്വത്രികദൗത്യത്തെയും കുറിച്ച് സമഗ്രമായി പ്രഖ്യാപിക്കുവാൻ ഈ സൂനഹദോസ് അഭിലഷിക്കുന്നു' (n.1). തിരുസഭയെക്കുറിച്ച് വേദപുസ്തകത്തിലും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലും അതുവരെയുള്ള സഭാപ്രബോധനങ്ങളിലും അധിഷ്ഠിതമായ ഒരു സമഗ്രദർശനവും ആത്മാവബോധവും നൽകി എന്നതാണ് ഈ പ്രമാണരേഖയുടെ ശ്രേഷ്ഠത.

## പ്രധാന പ്രബോധനങ്ങൾ:

### i) മൗതികശരീരമായ സഭയുടെ ദൃശ്യവും അദൃശ്യവുമായ ഘടകങ്ങൾ:

ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ വിളിച്ചുകൂട്ടപ്പെട്ട ജനമായ തിരുസഭ ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ യോജിപ്പിന്റെയും കൂദാശയാണ്. ഈ സഭയെ മിശിഹാ

പെസഹാരഹസ്യങ്ങളിലൂടെ തന്റെ മൗതികശരീരമാക്കിത്തീർത്തു (n.4,7). മിശിഹായുടെ മൗതികശരീരമായ സഭയ്ക്ക് ദൃശ്യവും (മാനുഷികം) അദൃശ്യവുമായ (ദൈവികം) ഘടകങ്ങൾ ഉണ്ടെന്ന് കൗൺസിൽ പഠിപ്പിക്കുന്നു. സഭയുടെ ഹയരാർക്കിയും ശുശ്രൂഷാസംവിധാനങ്ങളുമൊക്കെ ദൃശ്യഘടനയുടെ ഭാഗമാണ്. ഭൗമികമെങ്കിലും സഭ ആത്മീയവുമാണ്; പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്ന, മിശിഹായുടെ നിഗൂഢശരീരവുമാണ്. മാംസം ധരിച്ച വചനമായ ഈശോ എന്ന ഏകവ്യക്തിയിൽ ദൈവികവും മാനുഷികവുമായ സ്വഭാവങ്ങൾ അഭേദ്യമാം വിധം ഒന്നിച്ചുചേർന്നിരിക്കുന്നതുപോലെ സഭയുടെ ഈ രണ്ടു വശങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വി. പത്രോസിന്റെ പിൻഗാമിയോടും അദ്ദേഹത്തോട് ഐക്യം പുലർത്തുന്ന മെത്രാന്മാരോടും ചേർന്നു നിൽക്കുന്ന സഭയിലാണ് മിശിഹാ സ്ഥാപിച്ച ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭ പൂർണ്ണമായും ദൃശ്യമാകുന്നത് (n.8). എന്നാൽ സഭയുടെ ഈ ദൃശ്യഘടനയ്ക്ക് പുറത്തും സത്യത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ഘടകങ്ങൾ കാണപ്പെടുന്നുണ്ടെന്നും അവയെല്ലാം വാസ്തവത്തിൽ മിശിഹായുടെ ഏകസഭയുടെ ഉടമസ്ഥതയിൽപ്പെട്ട വശങ്ങളാണെന്നും അവയെല്ലാം കത്തോലിക്കാഐക്യത്തിലേക്ക് മാർഗ്ഗനിർദ്ദേശം ചെയ്യുന്ന പ്രേരകശക്തികളാണെന്നും പിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. സഭയെക്കുറിച്ചുള്ള സുന്ദരമായ വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ രൂപകങ്ങളും ഈ പ്രമാണരേഖയുടെ ആദ്യ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട് (n.6).

**ii) സഭ ദൈവജനം:**

അധികാരശ്രേണിയിൽ അധിഷ്ഠിതമായ മധ്യകാല പ്രബോധനത്തിൽനിന്നു വ്യത്യസ്തമായി സഭ ദൈവജനകൂട്ടായ്മയാണെന്ന ആദിമസഭയുടെ ദർശനം പുനഃസ്ഥാപിക്കുവാൻ ഈ പ്രമാണരേഖ പ്രചോദനമായി. പഴയനിയമത്തിലെ ഇസ്രായേൽ ജനത്തിന്റെ സ്ഥാനത്തു നിൽക്കുന്ന പുതിയനിയമത്തിലെ ദൈവജനമാണ് തിരുസഭ. വിശ്വാസികളുടെ പൊതുപൗരോഹിത്യവും പ്രത്യേകശുശ്രൂഷയ്ക്കായി സഭയിൽ നിയോഗിക്കപ്പെടുന്നവരുടെ ശുശ്രൂഷാപൗരോഹിത്യവും അവ തമ്മിലുള്ള പാരസ്പര്യതയും പിതാക്കന്മാർ ഈ രേഖയിൽ നന്നായി പഠിപ്പിക്കുന്നുണ്ട്. തിരുസഭയെ ദൈവജനമായി വളർത്തുവാൻ ഏറെ സഹായിക്കുന്ന കൂദാശകൾ, വിശ്വാസികളുടെ സമൂഹത്തിന് പൊതുവായുള്ള തെറ്റാവരം, സഭാസമൂഹത്തിലുള്ള പരിശുദ്ധാരൂപിയുടെ വരങ്ങളുടെ ഉപയോഗം, സഭയുടെ കാതോലിക സ്വഭാവം തുടങ്ങിയവയെല്ലാം പഠനവിധേയമാക്കുന്നു. തിരുസഭയാണ് രക്ഷയ്ക്കുള്ള പൂർണ്ണ വഴിയെന്നു പിതാക്കന്മാർ വ്യക്തമായി പഠിപ്പിക്കുമ്പോഴും മറ്റു സഭകളോടും സഭാസമൂഹങ്ങളോടും തിരുസഭയ്ക്കുള്ള ബന്ധം കൗൺസിൽ ഊന്നിപ്പറയുന്നുണ്ട്. കത്തോലിക്കാസഭയുടെ ശ്രേഷ്ഠത തങ്ങളുടെ യോഗ്യതയല്ല, പ്രത്യുത മിശിഹായുടെ യോഗ്യതകളാണെന്ന പരമാർത്ഥം തിരുസഭാമക്കൾ ശരിയാംവണ്ണം മനസ്സിലാക്കണമെന്ന് സൂനഹദോസ് ആഗ്രഹിക്കുന്നു (n.14). ഇതരമതങ്ങളിലും രക്ഷയ്ക്കുള്ള ഉപാധികളുണ്ടെന്ന് പഠിപ്പിച്ചുകൊണ്ട് വിവിധ മതങ്ങളോടുള്ള സഭയുടെ തുറവിയും സൗഹൃദവും പിതാക്കന്മാർ പഠിപ്പിക്കുന്നു (nos.15þ16). മറ്റു മതങ്ങളിലും സത്യമുണ്ടെന്ന് പറയുമ്പോൾ അവയെല്ലാം വിശ്വാസത്തിൽ പൂർണ്ണങ്ങളാണെന്നു വരുന്നില്ല. ദൈവത്തിന്റെ അദ്ഭുതകരമായ പരിപാലന രക്ഷയ്ക്ക് അത്യാവശ്യസഹായങ്ങൾ അവർക്ക് നിരസിക്കുകയില്ല. മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് കൃപാവരത്തിന്റെ പ്രചോദനമനുസരിച്ച് നിറവേറ്റാൻ പരിശ്രമിക്കുവർക്കും

രക്ഷപ്രാപിക്കാം എന്ന് ഈ രേഖ പഠിപ്പിക്കുന്നു. മറ്റു മതങ്ങളിലെ നന്മകളും സത്യവുമെല്ലാം സുവിശേഷസ്വീകരണത്തിനുള്ള ഒരുക്കമായി സഭ പരിഗണിക്കുന്നു (n.16). സഭയുടെ സവിശേഷമായ പ്രേഷിതദൗത്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത് (n.17).

### iii) സഭയിലെ ശുശ്രൂഷകൾ, പ്രത്യേകിച്ച് മെത്രാൻസ്ഥാനം:

ദൈവജനത്തെ നയിക്കുവാനും പഠിപ്പിക്കുവാനും സഭാഗാത്രത്തെ പടുത്തുയർത്തുവാനുമുള്ള ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേരുന്ന മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ എന്നീ ശുശ്രൂഷകരെക്കുറിച്ച് ഈ പ്രമാണരേഖ വ്യക്തമായി പ്രതിപാദിക്കുന്നു, പ്രത്യേകിച്ച് മെത്രാൻസ്ഥാനത്തെക്കുറിച്ച്. മിശിഹായുടെ വികാരിയും തിരുസഭയുടെ ദൃശ്യതലവനുമായ പത്രോസിന്റെ പിൻഗാമിയോടു ചേർന്ന് ദൈവത്തിന്റെ ഭവനത്തിന്മേൽ ഭരണം നടത്തുന്ന ശ്ലീഹന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ (nos.18-20). മെത്രാഭിഷേകം വഴി തിരുപ്പട്ട കൂദാശയുടെ പൂർണ്ണത നൽകപ്പെടുന്നുവെന്ന് കൗൺസിൽ പഠിപ്പിക്കുന്നു (n.21). മെത്രാന്മാരുടെ ദൗത്യങ്ങൾ, സംഘാതാത്മകത, മാർപാപ്പയുടെ പരമാധികാരവും അപ്രമാദിത്വവും തുടങ്ങിയവയെല്ലാം പ്രമാണരേഖ പഠനവിഷയമാക്കുന്നു (nos.22-27). മിശിഹായുടെ പൗരോഹിത്യത്തിൽ വ്യത്യസ്തമായ രീതിയിൽ പങ്കുചേരുന്ന വൈദികരും ഡീക്കന്മാരും തങ്ങളുടെ ശുശ്രൂഷാനിർവ്വഹണത്തിൽ മെത്രാന്മാരോട് ബന്ധപ്പെട്ടാണിരിക്കുന്നത്. സഭയിലെ സ്ഥാനങ്ങളും അധികാരങ്ങളുമെല്ലാം ശുശ്രൂഷയ്ക്കുവേണ്ടിയാണെന്ന സുവിശേഷദർശനം വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറഞ്ഞു.